# ജീവിതത്തിൽനിന്നും ഒഴിവാക്കപ്പെടേണ്ടവർ





**ഡോ. സൂസൻ കോരുത്,**
PhD,MSc,MSW,MBA
ലൈഫ് സൈക്കോളജിസ്റ്റ് &
മൈൻഡ് വെൽനെസ്സ് കോച്ച്

10

www.morningnewsdaily.org

നാമെല്ലാം ഹൃദയത്തിൽ സൂക്ഷിക്കേണ്ട ഉണ്മയാണ് 'അഹിതരായവർ പോകുമ്പോൾ ഹിതമായതു ഭവിക്കുന്നു' എന്നുള്ളത്. മനുഷ്യരുടെ സ്വഭാവവും വ്യക്തിത്വവും ആർക്കും പിടിതരാത്ത പ്രഹേളികയാണ്. അടുത്തയിടയിലായി വളരെയേറെ പഠനങ്ങൾ നടക്കുന്ന ഒരു മേഖലയാണ് വ്യക്തിത്വ വൈകല്യങ്ങൾ. ഞാനൊരു ബിസിനസ് സൈക്കോളജിസ്റ്റായതുകൊണ്ടും അനുഭവജ്ഞാനമുള്ളതുകൊണ്ടും പ്രത്യേകിച്ച് വ്യക്തിത്വ വൈകല്യങ്ങൾ എന്നത് എൻ്റെ പ്രവൃത്തിവൈദക്ത്യമുള്ള മേഖലയായതുകൊണ്ടും വളരെയേറെ വ്യത്യസ്ത സ്വഭാവമുള്ള വ്യക്തികളുമായി അടുത്തിടപഴകാനും അവരെ നന്നായി വിശകലനം ചെയ്യാനും സാധിച്ചിട്ടുണ്ട്. ജോലിസ്ഥലത്തും ബിസിനസ്സിലും പലരുടെയും വ്യക്തിത്വ വൈകല്യങ്ങൾകൊണ്ട് ബുദ്ധിമുട്ട് അനുഭവിക്കുന്നവർ അനവധിയാണ്. അവരിൽ പലരുടെയും ജീവിതം തന്നെ ഇല്ലാതാക്കിയിരിക്കും ഇത്തരം ദ്രോഹവ്യക്തിത്വങ്ങൾ. അതുകൊണ്ടു തന്നെ അങ്ങിനെയുള്ളവരെ ആരംഭത്തിലെ തിരിച്ചറിയുന്നതും അവരിൽനിന്നും അധികം പരിക്കുകളില്ലാതെ രക്ഷപെടുന്നതും അത്യാവശ്യമാണ്.

ബിസിനസ്സിലും ജീവിതത്തിലും മറ്റുള്ളവരാൽ പറ്റിക്കപ്പെട്ടിട്ടുള്ള വ്യക്തികളെ വളരെ അടുത്തറിഞ്ഞിട്ടുള്ള, അവർക്കു വീണ്ടും ജീവിക്കാനുള്ള മനക്കരുത്തും, പരിശീലങ്ങളും കൊടുക്കുന്ന ഒരു മനശാസ്ത്ര വിദഗ്ദ്ധ എന്ന നിലയിൽ നമ്മൾ വളരെ സൂക്ഷിക്കേണ്ട മൂന്നുതരത്തിലുള്ള വൈകല്യമുള്ള പരാദജീവി വ്യക്തിത്വങ്ങളെപറ്റിയാണ് ഇവിടെ പറയുന്നത്. ഇവരുടെ സ്വഭാവത്തെപ്പറ്റിയറിയുന്നത് ഇത്തരത്തിലുള്ള വിനാശകാരികളായ മനുഷ്യരെ അറിയാനും നമ്മെ അവരുടെ നീച പ്രവൃത്തികളിൽനിന്നും രക്ഷിക്കാനും ഉപകരിക്കും.

ഒന്നാമത്തെ വിഭാഗമാണ് കൊതുകുകളുടെ സ്വഭാവമുള്ളവർ: ഇവർ നിങ്ങളുടെ സമൃദ്ധിയിൽനിന്നും വലിച്ചെടുത്തു ജീവിക്കുന്നവരായിരിക്കും. കൂടാതെ നിങ്ങളുടെ ശ്രദ്ധ തിരിക്കാൻ പലതും ചെവിയിൽ ഓതുന്നവരായിരിക്കും. ഇവരെ ഒത്തിരി പെരുകാൻ വിട്ടാൽ ആപത്താണ്. പക്ഷെ അത്ര ഹാനികരമായവരല്ല. എങ്കിലും എന്തെങ്കിലുമൊക്കെ തട്ടുകേടു വരുത്തുവാൻ മതിയായവരാണിവർ. കേട്ടിട്ടില്ലേ ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിനു കൗതുകം. നമ്മുക്കിവരെ നാർസിസിസ്റ്റിക് എന്ന വിഭാഗത്തിൽ പെടുത്താം. കൊതുകുകളെ ചെയ്യുന്നതുപോലെതന്നെ അവരെ കൈകാര്യം ചെയ്യേണ്ടതുണ്ട്.

രണ്ടാമത്തെ വിഭാഗമാണ് ഇത്തിൾക്കണ്ണിയുടെ സ്വഭാവമുള്ളവർ: മരങ്ങളിൽ പ്രത്യേകിച്ച് മാവിൻ്റെ കൊമ്പിൽകാണാറുള്ള ഒരു പരാദസസ്യമാണത്. നിറയെ റോസ് നിറമുള്ള പൂക്കളുമായി വളർന്നു നിൽക്കുന്ന ഒരു ചെടി. കാഴ്ചയിൽ കുഴപ്പമൊന്നും തോന്നുകില്ലെന്നു മാത്രമല്ല മാവിനെ മനോഹരവുമാക്കുന്നു എന്ന് നമ്മുക്ക് തോന്നുകയും ചെയ്യും. പക്ഷെ ഇവയെ പറിച്ചുകളഞ്ഞില്ലെങ്കിൽ മാവിൻ്റെ നീരൂറ്റിക്കുടിച്ചു ഇത്തിൾകണ്ണി പെരുകി മവു മുഴുവൻ വ്യാപിച്ചു അവസാനം മാവു കരിയുകയും ഇത്തിൾകണ്ണി അവശേഷിക്കുകയും ചെയ്യും. ഇവയെ ആദ്യമേതന്നെ നശിപ്പിച്ചു കളയുകയാണ് നല്ലത്. ഇനിയെങ്ങാനും ഒരു കൊമ്പിനെ മുഴുവൻ പൊതിഞ്ഞാൽ ആ കൊമ്പിനെ മുറിച്ചുമാറ്റിയിട്ടേ മാവിനെ രക്ഷിക്കാൻ കഴിയൂ. മനുഷ്യരിലെ ഇത്തിൾകണ്ണി വ്യക്തിത്വങ്ങൾ തീഷ്ണമായ ക്ഷതങ്ങൾ വരുത്താൻ ശക്തിയുള്ളവരാണ്. ഇവർ ആദ്യം ഇവരുടെ ഇരകളായ ആതിഥേയരെ കണ്ടെത്തുന്നു.

ഇവരുടെ ആതിഥേയ ഇരകൾ രണ്ടു വിഭാഗത്തിലുള്ളവരായിരിക്കും. ഒന്ന് സാമ്പത്തികമായി ഉയർന്ന ജീവിതം നയിക്കുന്നവർ. രണ്ടാമത്തെ വിഭാഗം കൈയിലുള്ള പൈസ കൊണ്ട് എന്തെങ്കിലും ബിസിനസ്സ് ചെയ്തു കൂടുതൽ പൈസയുണ്ടാക്കണം എന്നാഗ്രഹിക്കുന്നവർ. ഇത്തിൾകണ്ണിവ്യക്തികൾ ഇവരെ തങ്ങളുടെ മനോഹരമായ സ്വാധീനവലയിത്തിലാക്കി പ്രലോഭിപ്പിച്ചു പലകാര്യങ്ങളിലും പണം ഇൻവെസ്റ്റ് ചെയ്യിക്കുന്നു. ഇവരുടെ വശീകരണതന്ത്രം പൂവിട്ടു നിൽക്കുന്ന ഇത്തിൾകണ്ണിയെപ്പോലെയാണ് ആദ്യം മനോഹരമായി തോന്നുമെങ്കിലും കാണെ കാണെ ഇവരുടെ തനി നിറം പുറത്തുവരും. പക്ഷെ അപ്പോഴേയ്ക്കും ഒരു കൊമ്പെങ്കിലും ഇവർ ഉണക്കിയിട്ടുണ്ടാവും. പലപ്പോഴും മൊത്തം ഉണങ്ങിയാലും പലരും ഇത്തരം ഇത്തിൾകണ്ണികളെ തിരിച്ചറിയാറില്ല. മറ്റുള്ളവരുടെ സാമ്പത്ത് ഊറ്റിയെടുത്തു ജീവിക്കുന്ന പരാദജീവികളാണവർ. ഇവർ മിടുക്കരും എളിമസ്വഭാവം കാണിക്കുന്നവരും ആയിരിക്കും. ഇവരുടെ വശ്യതകലർന്ന ഹൃദയാവർജ്ജകമായ പെരുമാറ്റത്തിലൂടെ തങ്ങളുടെ ആതിഥേയ ഇരകളെ തങ്ങളുടെ വരുതിയിലാക്കാൻ ഇവർക്ക് നല്ല വിരുതാണ്. ഒരാളെ സാമ്പത്തികമായി ഉന്മൂലനം ചെയ്തിട്ട് ഒരു കുറ്റബോധവുമില്ലാതെ ഇവർ അടുത്ത ആതിഥേയ ഇരകളെ തേടിപ്പിടിക്കും. ഇവരെ ഇത്തിൾകണ്ണിയെ കൈകാര്യം ചെയ്യന്നതുപോലെവേണം കൈകാര്യം ചെയ്യുവാൻ. ഇങ്ങനെയുള്ളവരെ മനസ്സിലായാൽ ആദ്യം തന്നെ അവരെ നിങ്ങളുടെ ജീവിതത്തിൽനിന്നും പിഴുതു മാറ്റുക. ഇനി ഏതെങ്കിലും രീതിയിൽ നാശനഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ കൂടുതൽ വൈകിക്കാതെ അതിനെ വിട്ടുകളഞ്ഞിട്ടു നമ്മുടെ ജീവിതം എത്രയും വേഗം വീണ്ടെടുക്കുക. നമ്മുക്കിവരെ സോഷ്യോപാത് എന്ന വിഭാഗത്തിൽ പെടുത്താം.

മൂന്നാമത്തെ വിഭാഗമാണ് മുടിവിരയെന്ന പരാദജീവിയുടെ സ്വഭാവമുള്ളവർ: ഇവരാണ് അതിമാരകമായ പ്രാണഹാരിയായ സ്വഭാവമുള്ളവർ. ഇതൊരു ആതിഥേയ ജീവിയുടെ മനസ്സു മാറ്റുന്ന പരാദജീവിയാണ്. മുടിവിരകൾ ജീവിക്കുന്നത് വെള്ളത്തിലാണ്, മുടിവരകളുടെ മുട്ടവിരിഞ്ഞ കൃമികളെ മെയ് ഫ്‌ളൈയുടെ കൃമികൾ ഭക്ഷിക്കുന്നു. മുടിവിരയുടെ അവസാന ആതിഥേയ ഇരയായ ഒരു ചീവീടിനുള്ളിൽ കടക്കാനുള്ള ഒരു മധ്യവർത്തിയായ ആദിഥേയ മാത്രമാണ് മെയ് ഫ്ലൈ. ചീവീടുകൾ ചത്ത മെയ്ഫ്ലൈകളെ ഭക്ഷിക്കുന്നു. അങ്ങിനെ മുടിവീര ചീവീടിനുള്ളിൽ എത്തുകയും അവയുടെ കൊഴുപ്പിനെ ആഗിരണം ചെയ്തു വളരുകയും ചെയ്യുന്നു. ചീവീടുകൾ സാധാരണയായി ജലാശയങ്ങൾ ഒഴിവാക്കുന്നു കാരണം അവയ്ക്കു നന്നായി നീന്താൻ സാധ്യമല്ല. പക്ഷെ മുടിവിരകൾ ചീവിടിന്റെയുള്ളിൽ പൂർണ്ണവളർച്ച പ്രാപിച്ചതിനു ശേഷം തങ്ങളുടെ വാസസ്ഥലമായ നദിയിലോ കുളത്തിലോ എത്തുവാൻ വേണ്ടി ചീവിടിൻ്റെ തലച്ചോറിലേക്ക് രാസവസ്തുക്കൾ സന്നിവേശിപ്പിച്ച് ചീവീടിനെക്കൊണ്ട് വെള്ളത്തിലേക്ക് സ്വയം വീഴാൻ തക്കവണ്ണം അതിന്റെ മനസ്സിനെ പൂർണമായും വരുതിയിലാക്കുന്നു.

> “ഇനി നിങ്ങൾ ഇങ്ങനെയുള്ള വൈകല്യ വ്യക്തിത്വമുള്ളവർക്കു നല്ല സ്വഭാവം വരുമെന്ന് കരുതുന്നെങ്കിൽ നിങ്ങൾക്ക് തെറ്റി. ഇങ്ങനെയുള്ളവർ ഇതുവരെ നന്നായതായി അറിവില്ല. നമ്മെ നാം സൂക്ഷിക്കുകയാണ് നന്ന്.

www.morningnewsdaily.org

വെള്ളത്തിൽവീണാലുടനെ മുടിവിരകൾ ചീവിടിന്റെ ഉള്ളിൽനിന്നും പുറത്തേക്കു ചാടുന്നു. പലപ്പോഴും ഇത് ചീവിടിന്റെ മരണത്തിൽ കലാശിക്കുന്നു.

മുടിവിരകളായ വൈകല്യ വ്യക്തിത്വങ്ങൾ പല ജീവിതങ്ങളെയും പൂർണമായും നശിപ്പിക്കുന്നത് കാണാൻ സാധിക്കും. ഇവർ ആദ്യം തങ്ങളുടെ ആതിഥേയ ഇരകളെ നോട്ടമിടും. ഇവരിലെത്താനായിട്ടു ഇടനിലക്കാരായ ആതിഥേയ ഇരകളുടെ വിശ്വസ്തരിലൂടെയോ അല്ലെങ്കിൽ സ്വാധീനമുള്ളവരിലൂടെയോ ആതിഥേയ ഇരയുടെ പ്രവർത്തനമേഖലകളിൽ കയറിക്കൂടും. ഇവർ മുഖ്യമായി ലക്ഷ്യം വയ്ക്കുക നിസ്വാർത്ഥരായ സമ്പന്നരായ ബിസിനസ്സുകാരെയായിരിക്കും. സാവധാനത്തിൽ ഇവർ തങ്ങളുടെ കുതന്ത്രങ്ങൾകൊണ്ട് ആതിഥേയ ഇരയുടെ മനസ്സിൽ കയറിക്കൂടുകയും അവരിൽ തങ്ങളുടെ നിയന്ത്രണം കൊണ്ടുവരികയും ചെയ്യും. തങ്ങളുടെ കൈയിലേക്ക് ആതിഥേയ ഇരയുടെ എല്ലാ പ്രവർത്തനങ്ങളും ആസൂത്രിതമായി കൊണ്ടുവരികയും ആതിഥേയ ഇരയെ ഇവരുടെ കൈയ്യിലെ കളിപ്പാവ ആക്കുകയും ചെയ്യുന്നു.

സാവധാനത്തിൽ ആതിഥേയ ഇരയെ പൂർണമായും നീക്കം ചെയ്തുകൊണ്ട് മുടിവിരയായ വൈകല്യ വ്യക്തി എല്ലാം തന്റെ വരുതിയിലാക്കുകയും ചെയ്യും. ഇവർ ആതിഥേയ ഇരകളെ പലപ്പോഴും ആത്മഹത്യയിലേക്കു വരെ നയിച്ചേക്കാം. ഇത്തരത്തിലുള്ള മുടിവിരകളിൽനിന്നും രക്ഷനേടുക പ്രയാസമായതുകൊണ്ട് ഇങ്ങനെയുള്ളവർ നമ്മിലേക്ക് വരാതിരിക്കാൻ ശ്രദ്ധിക്കണം. ഇവരെ തിരിച്ചറിയുക പ്രയാസം ആണ് കാരണം ഇവർ തങ്ങളുടെ ആതിഥേയ ഇരകളെ പരിപൂർണമായി മനസ്സിലാക്കിയിട്ടാണ് അവരെ വരുതിയിലാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക. ഇവർ രൂപസൗകര്യമുള്ളവരും, മനോഹരമായി സംവേദിക്കുന്നരും, എന്തിനും തുണയായിരിക്കുകയും ചെയ്യും. നിങ്ങൾ പോലുമറിയാതെ നിങ്ങളുടെ നിയന്ത്രകരായി ഇവർ മാറുന്നു. ഇവരുടെ കയ്യിലകപ്പെട്ടെന്നു മനസ്സിലായാൽ എത്രയും പെട്ടെന്ന് രക്ഷപ്പെടുക. ഇല്ലെങ്കിൽ മുച്ചൂടും ഇവർ കൊണ്ടുപോകും. ഇവരെ സൈക്കോപാത് എന്ന വിഭാഗത്തിലുൾപ്പെടുത്താവുന്നവരാണ്.

ഇനി നിങ്ങൾ ഇങ്ങനെയുള്ള വൈകല്യ വ്യക്തിത്വമുള്ളവർക്കു നല്ല സ്വഭാവം വരുമെന്ന് കരുതുന്നെങ്കിൽ നിങ്ങൾക്ക് തെറ്റി. ഇങ്ങനെയുള്ളവർ ഇതുവരെ നന്നായതായി അറിവില്ല. നമ്മെ നാം സൂക്ഷിക്കുകയാണ് നന്ന്. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട എന്ന ആപ്തവാക്യം പ്രാവർത്തികമാക്കി ജീവിക്കുകയാണഭികാമ്യം.

